بسم الله الرحمن الرحيم

- അല്ലാഹു ശക്തമായ ഭാഷയിൽ വിശ്വാസികൾക്ക് മുന്നറിയിപ്പ് നൽകിയ ഒരു വിഷയമാണ് നിഫാഖ്.
- منافق എന്ന പദം എവിടെ നിന്നാണ് വന്നത് എന്ന് പണ്ഡിതന്മാർ വിശദീകരിച്ചത് കേട്ടാൽ തന്നെ ഈ വിഷയം നമുക്ക് മനസ്സിലാക്കാൻ സാധിക്കും.

**وقيل: سمي به من نافقاء اليربوع، فإن اليربوع له جحر يقال له: النافقاء، وآخر يقال له: القاصعاء، فإذا طلب من القاصعاء قصع فخرج من النافقاء،**

- 'നാഫിഖാഅ്' (نافقاء) എന്ന അറബീ പദത്തിൽ നിന്നാണ് നിഫാഖ് നിഷ്പന്നമായിട്ടുള്ളത്.
- മരുഭൂമിയിൽ കണ്ടുവരാറുള്ള എലിക്ക് സമാനമായ ഒരു ജന്തു (اليربوع) നിർമ്മിക്കുന്ന മാളമാണ് നാഫിഖാഅ്.
- ഭൂമിക്കടിയിൽ ഈ ജന്തു ഉണ്ടാക്കുന്ന മാളത്തിന് പുറത്തു പോകാനുള്ള രണ്ട് കവാടമുണ്ടായിരിക്കും. ഒരു കവാടത്തിന് ഖാസ്വിആഅ് എന്നും മറ്റേ കവാടത്തിന് നാഫിഖാഅ് എന്നും പറയുന്നു.
- ഒരു കവാടത്തിലൂടെ ആക്രമണമുണ്ടായാൽ, മറ്റേ കവാടത്തിലൂടെ രക്ഷപ്പെടുന്ന സ്വഭാവമാണ് യർബൂഅ എന്ന ഈ ജന്തുവിന്റെത്.
- മാത്രമല്ല, യർബൂഅ നിർമ്മിക്കുന്ന നാഫിഖാഅ് എന്ന മാളത്തിന് ഒരു പ്രത്യേകത കൂടിയുണ്ട്; പുറത്തു നിന്ന് നോക്കുന്ന ഒരാൾക്ക് ഈ മാളത്തിന്റെ സാന്നിധ്യമറിയാൻ സാധിക്കുകയില്ല.
- കാരണം, രക്ഷപ്പെടേണ്ട സമയത്ത് തന്റെ ചുണ്ടുകൊണ്ട് തുരന്ന് പെട്ടെന്ന് പുറത്തു കടക്കാൻ പാകത്തിൽ ഒരു നേരിയ മൺപാട ബാക്കിനിർത്തിയായിരിക്കും യർബൂഅ പ്രസ്തുത കവാടം നിർമ്മിച്ചിട്ടുണ്ടാവുക.
- പുറത്തു നിന്ന് നോക്കുമ്പോൾ നിരന്ന പ്രതലം, അകത്താകട്ടെ എപ്പോഴും തുറക്കാവുന്ന മാളവും! ഇവ്വിധമാണ് മുനാഫിഖിന്റെയും സ്ഥിതി; പുറമേക്ക് വിശ്വാസം പ്രകടമായിരിക്കും, ഉള്ളിലാകട്ടെ നിറഞ്ഞു നിൽക്കുന്ന കുഫ്റും!
- **ഇങ്ങനെ രണ്ടു മുഖമുള്ളവരെക്കുറിച്ചു നബി (സ്വ) പറഞ്ഞു;**

**عَنْ أَبِي هُرَيْرَةَ أَنَّهُ سَمِعَ رَسُولَ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ يَقُولُ إِنَّ شَرَّ النَّاسِ ذُو الْوَجْهَيْنِ الَّذِي يَأْتِي هَؤُلَاءِ بِوَجْهٍ وَهَؤُلَاءِ بِوَجْهٍ (بخاري)**

- മൂന്ന തരം നിഫാഖുണ്ട്. (വിശ്വാസപരം. കർമ്മ പരം സ്വഭാവ പരം)

- **വിശ്വാസപരമായ നിഫാഖിനുള്ള ചില ഉദാഹരണങ്ങൾ**

1. മുഹമ്മദ് നബിയെ (സ്വ) കളവാക്കുക അഥവാ അദ്ദേഹം കൊണ്ടു വന്ന ഖുർആനും ഹദീസും തള്ളിക്കളയുക.
2. ചില കാര്യങ്ങളിൽ മുഹമ്മദ് നബിയെ (സ്വ) അവിശ്വസിക്കുക അഥവാ അദ്ദേഹം കൊണ്ടുവന്ന ഖുർആനിലെയും ഹദീസിലെയും ചിലത് തള്ളിക്കളയുക
3. ഇസ്‌ലാം മതത്തെ സഹായിക്കുന്നതിനെ വെറുക്കുക.

وَإِذَا لَقُوا الَّذِينَ آمَنُوا قَالُوا آمَنَّا وَإِذَا خَلَوْا إِلَى شَيَاطِينِهِمْ قَالُوا إِنَّا مَعَكُمْ إِنَّمَا نَحْنُ مُسْتَهْزِئُونَ (البقرة : ١٤)

وَلَئِنْ سَأَلْتَهُمْ لَيَقُولُنَّ إِنَّمَا كُنَّا نَخُوضُ وَنَلْعَبُ قُلْ أَبِاللَّهِ وَآيَاتِهِ وَرَسُولِهِ كُنْتُمْ تَسْتَهْزِئُونَ (التوبة : ٦٥)

- **കർമ്മപരമായ നിഫാഖ്.**

عن ابن مسعود رضي الله عنه قوله ...... وَلَقَدْ رَأَيْتُنَا وَمَا يَتَخَلَّفُ عَنْهَا إِلَّا مُنَافِقٌ مَعْلُومُ النِّفَاقِ (مسلم)

وَإِذَا قَامُوا إِلَى الصَّلَاةِ قَامُوا كُسَالَى يُرَاؤُونَ النَّاسَ ( سورة النساء : من الآية ١٤٢)

عَنْ أَبِي هُرَيْرَةَ قَالَ قَالَ رَسُولُ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ إِنَّ أَثْقَلَ الصَّلَاةِ عَلَى الْمُنَافِقِينَ صَلَاةُ الْعِشَاءِ وَصَلَاةُ الْفَجْرِ وَلَوْ يَعْلَمُونَ مَا فِيهِمَا لَأَتَوْهُمَا وَلَوْ حَبْوًا (إبن ماجة)

- **സ്വഭാവപരമായ നിഫാഖ്**

عَنْ أَبِي هُرَيْرَةَ عَنِ النَّبِيِّ صَلَّى اللَّهُ عَلَيْهِ وَسَلَّمَ قَالَ : آيَةُ الْمُنَافِقِ ثَلَاثٌ: إِذَا حَدَّثَ كَذَبَ، وَإِذَا وَعَدَ أَخْلَفَ، وَإِذَا أُؤْتُمِنَ خَانَ (البخاري )

✓ **സംസാരിക്കുമ്പോൾ കളവ് പറയുക:**

- മുനാഫിഖുകളുടെ സ്വഭാവമായി എടുത്തു പറഞ്ഞത് കള്ളം പറയുന്നവർ എന്നാണ്.

وَلَهُم عَذَابٌ أَلِيمٌ بِمَا كَانُوا يَكْذِبُونَ (البقرة :١٠)

وَاللَّهُ يَشْهَدُ إِنَّ الْمُنَافِقِينَ لَكَاذِبُونَ (المنافقون :١)

- നബി (സ്വ) പറഞ്ഞു

عَنْ بَهْزِ بْنِ حَكِيمٍ قَالَ حَدَّثَنِي أَبِي عَنْ أَبِيهِ قَالَ سَمِعْتُ رَسُولَ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ يَقُولُ وَيْلٌ لِلَّذِي يُحَدِّثُ فَيَكْذِبُ لِيُضْحِكَ بِهِ الْقَوْمَ وَيْلٌ لَهُ وَيْلٌ لَهُ (أبي داوود)

- നാം സംസാരിക്കുമ്പോൾ എത്ര കളവുകൾ കടന്നു വരുന്നു.
- ഫോണിൽ മറുപടി കൊടുക്കുമ്പോൾ ഞാൻ ഇറങ്ങി, പത്തു മിനുട്ട് കൊണ്ട് എത്താം.
- തമാശക്ക് വേണ്ടി കളവ് പറയുന്നവർ.

عَنْ أَبِي أُمَامَةَ قَالَ قَالَ رَسُولُ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ أَنَا زَعِيمٌ بِبَيْتٍ فِي رَبَضِ الْجَنَّةِ لِمَنْ تَرَكَ الْمِرَاءَ وَإِنْ كَانَ مُحِقًّا وَبِبَيْتٍ فِي وَسَطِ الْجَنَّةِ لِمَنْ تَرَكَ الْكَذِبَ وَإِنْ كَانَ مَازِحًا وَبِبَيْتٍ فِي أَعْلَى الْجَنَّةِ لِمَنْ حَسَّنَ خُلُقَهُ (أبي داوود)

✓ **കരാർ ലംഘനം :-**

فَأَعْقَبَهُمْ نِفَاقًا فِي قُلُوبِهِمْ إِلَى يَوْمِ يَلْقَوْنَهُ بِمَا أَخْلَفُوا اللَّهَ مَا وَعَدُوهُ وَبِمَا كَانُوا يَكْذِبُونَ [التوبة: ٧٧]

- ഇസ്മാഈൽ (അ) നെ പുകഴ്ത്തി അല്ലാഹു പറഞ്ഞത്

وَاذْكُرْ فِي الْكِتَابِ إِسْمَاعِيلَ إِنَّهُ كَانَ صَادِقَ الْوَعْدِ وَكَانَ رَسُولًا نَبِيًّا (مريم: ٥٤)

- ഇബ്രാഹിം നബി (അ) യെക്കുറിച്ച് അല്ലാഹു പറഞ്ഞത്.

وَإِبْرَاهِيمَ الَّذِي وَفَّى (النجم: ٣٧)

- നബി (സ്വ) പറഞ്ഞു;

عَنْ عُبَادَةَ بْنِ الصَّامِتِ قَالَ: قَالَ رَسُولُ اللهِ صَلَّى اللهُ عَلَيْهِ وَسَلَّمَ: " اضْمَنُوا لِي سِتًّا مِنْ أَنْفُسِكُمْ أَضْمَنْ لَكُمُ الْجَنَّةَ: اصْدُقُوا إِذَا حَدَّثْتُمْ، وَأَوْفُوا إِذَا وَعَدْتُمْ، وَأَدُّوا إِذَا اؤْتُمِنْتُمْ، وَاحْفَظُوا فُرُوجَكُمْ، وَغُضُّوا أَبْصَارَكُمْ، وَكُفُّوا أَيْدِيَكُمْ (إبن حبان)

- ഇന്ന് ജനങ്ങൾക്ക് ഈ വിഷയത്തിൽ ഒരു പേടിയുമില്ല.
- ജോലി വാഗ്ദാനം, ഇലക്ഷൻ വാഗ്ദാനം
- പ്രത്യേകിച്ച് പണത്തിന്റെ വിഷയം.
- നമുക്ക് പ്രയാസമുണ്ടായപ്പോൾ നമ്മളെ പണം തന്ന് സഹായിച്ച സുഹൃത്ത്, പറഞ്ഞ അവധിയ്ക്ക് ഒന്നും നാം പണം തിരിച്ച് കൊടുത്തില്ല .

1. **വിശ്വസിച്ചാൽ ചതിക്കും:-**

- ഒരിക്കലും ഒരു വിശ്വാസി മറ്റുള്ളവരെ ചതിക്കില്ല.
- നമുക്ക് ഈ ലക്ഷണങ്ങൾ കേൾക്കുമ്പോഴും ഇതെല്ലാം നിസാരമാണ്, എന്നാൽ നമ്മുടെ മുൻഗാമികൾ നിഫാഖിനെ ഏറെ ഭയപ്പെട്ടവരായിരുന്നു.

قَالَ ابْنُ أَبِي مُلَيْكَةَ: أَدْرَكْتُ ثَلاَثِينَ مِنْ أَصْحَابِ النَّبِيِّ صلى الله عليه وسلم، كُلُّهُمْ يَخَافُ النِّفَاقَ عَلَى نَفْسِهِ، مَا مِنْهُمْ أَحَدٌ يَقُولُ: إِنَّهُ عَلَى إِيمَانِ جِبْرِيلَ وَمِيكَائِيلَ.

- വഞ്ചകൻ പരലോകത്ത് ഒരു കൊടിക്കൊണ്ട് തിരിച്ചറിയപ്പെടും.

عَنْ ابْنِ عُمَرَ قَالَ قَالَ رَسُولُ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ إِذَا جَمَعَ اللَّهُ الْأَوَّلِينَ وَالْآخِرِينَ يَوْمَ الْقِيَامَةِ يُرْفَعُ لِكُلِّ غَادِرٍ لِوَاءٌ فَقِيلَ هَذِهِ غَدْرَةُ فُلَانِ بْنِ فُلَانٍ (مسلم)

- വിശ്വസ്തതയും വഞ്ചനയും യോജിക്കുകയില്ല.

عَنْ أَبِي هُرَيْرَةَ، أَنَّ رَسُولَ اللهِ صَلَّى اللهُ عَلَيْهِ وَسَلَّمَ قَالَ: لَا يَجْتَمِعُ الْإِيمَانُ وَالْكُفْرُ فِي قَلْبِ امْرِئٍ، وَلَا يَجْتَمِعُ الصِّدْقُ وَالْكَذِبُ جَمِيعًا، وَلَا تَجْتَمِعُ الْخِيَانَةُ وَالْأَمَانَةُ جَمِيعًا (أحمد)

- നിഫാഖിന്റെ അപകടം മനസ്സിലാക്കണമെങ്കിൽ നാളെ നരകത്തിൽ മുനാഫിഖിന്റെ സ്ഥാനം മനസ്സിലാക്കിയാൽ മതി.

إِنَّ الْمُنَافِقِينَ فِي الدَّرْكِ الْأَسْفَلِ مِنَ النَّارِ وَلَنْ تَجِدَ لَهُمْ نَصِيرًا (النساء: ١٤٥)

## ❖ നിഫാഖിൽ നിന്നും സുരക്ഷിതത്വം ലഭിക്കാൻ

**1. തക്ബീറത്തുൽ ഇഹ്റാമോടെ നാൽപത് ദിവസം ജമാഅത്തായി നമസ്കരിക്കുക**

عَنْ أَنَسِ بْنِ مَالِكٍ، قَالَ قَالَ رَسُولُ اللهِصلى الله عليه وسلم : مَنْ صَلَّى لِلَّهِأَرْبَعِينَ يَوْمًا فِي جَمَاعَةٍ يُدْرِكُ التَّكْبِيرَةَ الأُولَى كُتِبَتْ لَهُ بَرَاءَتَانِ بَرَاءَةٌ مِنَ النَّارِ وَبَرَاءَةٌ مِنَ النِّفَاقِ (ترمذي)

**2. സൽസ്വഭാവവും ദീനിലെ നല്ല അറിവും**

عَنْ أَبِي هُرَيْرَةَ، قَالَ قَالَ رَسُولُ اللهِصلى الله عليه وسلم : خَصْلَتَانِ لاَ تَجْتَمِعَانِ فِي مُنَافِقٍ حُسْنُ سَمْتٍ وَلاَ فِقْهٌ فِي الدِّينِ (صحيح الجامع)

**3. സ്വദഖ നൽകൽ**

عَنْ أَبِي مَالِكٍ الأَشْعَرِيِّ، قَالَ قَالَ رَسُولُ اللهِصلى الله عليه وسلم : وَالصَّدَقَةُ بُرْهَانٌ
قال الشيخ ابن عثيمين رحمه الله :"بُرْهَانٌ" أيْ: دَلِيلٌ عَلَى صِدْقِ إِيمَانِ الْمُتَصَدِّقِ

**4. നബിയെ സ്നേഹിക്കൽ**

عَنْ عَلِيٍّ قَالَ عَهِدَ إِلَيَّ رَسُولُ اللهِصَلَّى اللهُعَلَيْهِ وَسَلَّمَ أَنْ لَا يُحِبَّنِي إِلَّا مُؤْمِنٌ وَلَا يَبْغُضُنِي إِلَّا مُنَافِقٌ (النسائي)

**5. അൻസാറുകളെ സ്നേഹിക്കൽ**

عَنْ أَنَسِ بْنِ مَالِكٍ عَنِ النَّبِيِّ صلى الله عليه وسلم قَالَ : آيَةُ الإِيمَانِ حُبُّ الأَنْصَارِ، وَآيَةُ النِّفَاقِ بُغْضُ الأَنْصَارِ

---

- നോട്ടിനെക്കുറിച്ചുള്ള താങ്കളുടെ അഭിപ്രായങ്ങളും നിർദേശങ്ങളും അറിയിക്കുക.
- ഖുത്ബ നോട്ടുകൾ ലഭിക്കാൻ (+917034743343) എന്ന നമ്പർ സേവ് ചെയ്ത് പേരും സ്ഥലവും ചേർത്ത് വാട്സാപ്പ് മെസേജ് അയക്കുക.
- മുമ്പ് തയ്യാറാക്കിയ ഖുത്ബകൾ ലഭിക്കാൻ http://www.sufaraulislam.com/ എന്ന സൈറ്റ് സന്ദർശിക്കുക.